തൊഴിലാളി ക്ഷേമനിധി

136 (2048) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തൊഴിലാളി ക്ഷേമനിധികളിൽ കേന്ദ്ര ഗവൺമെന്റിൽ നന്നും സഹായം ലഭിക്കുന്ന തൊഴിലാളി ക്ഷേമനിധികൾ ഉണ്ടോ ;

(ബി) എങ്കിൽ എത്ര ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

പവർലൂം വ്യവസായത്തിൽ മിനിമം വേതന വ്യവസ്ഥ

137 (2049) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പവർലൂം വ്യവസായത്തിൽ മിനിമം വേതന വ്യവസ്ഥ നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ പ്രസ്തുത വ്യവസ്ഥയുടെ കാലാവധി എത്രവർഷമാണെന്ന് വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ പ്രാവശ്യം മിനിമം വേതനം നിശ്ചയിച്ചത് എപ്പോഴാണെന്ന് അറിയിക്കാമോ ;

(ഡി) പ്രസ്തുത മേഖലയിൽ വേതന വ്യവസ്ഥ എപ്പോൾ പുതുക്കി നിശ്ചയിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1981-ലാണ് ഈ മേഖലയിൽ അവസാനമായി മിനിമം വേജസ് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചത്. മിനിമം വേജസ് ആക്റ്റ് പ്രകാരം 5 വർഷം കൂടുമ്പോൾ മിനിമം വേതനം പുതുക്കേണ്ടതാണ്.

(സി) 1981-ൽ.

(ഡി) മിനിമം വേതനം പുതുക്കുന്നതിന് ഒരു കോമ്പാക്റ്റ് കമ്മിറ്റിയെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly